Page 1 of 1

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള ]

മുണ്ട്. എന്നാൽ മററുള്ളവർ അതിൽ ഇടപെട്ടു സംസാരിക്കുന്നതു് ശരിയാണോയെന്നു് ബഹു: സ്പീക്കർ റൂളിംഗ് നൽകിയാൽ കൊള്ളാം.

മി. സ്പീക്കർ: ഞാൻ ആദ്യം തന്നെ പറഞ്ഞു മററുള്ളവർക്കു് ഇതിൽ ഇടപെട്ടു സംസാരിക്കുവാൻ അവസരം കൊടുക്കുകയില്ലെന്നു്. എന്നാൽ ചില ബഹു: മെമ്പറന്മാർ പോയിൻറു ആഫ് ആർഡർ ഉന്നയിച്ചതുകൊണ്ടു് ഇങ്ങനെ സംസാരിക്കാൻ ഇടയായതാണു്.

In the light of the statement made by the Home Minister and in consideration of the fact that the occurrences mentioned in the notice of the adjournment motion is *sub judicc,* (as a case has already been registered), I decline to give consent to move the adjournment motion.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പക്ഷെ, ഗവമ്മെണ്ടിൻെറ പ്രതിനിധിയെന്ന നിലയിൽ മന്ത്രി ഇവിടെ ചെയ്തിട്ടുള്ള സ്റ്റേററുമെൻറിൽ വളരെയധികം അസത്യങ്ങളുണ്ടു്. ആ സ്ഥിതിക്കു് സത്യം എന്താണെന്നുള്ളതിനെ സംബന്ധിച്ചു് ഈ ഭാഗത്തുള്ളവർക്കു് പറയാനുള്ള ഒരവസരം നൽകണമെന്നാണു് ഞങ്ങൾ ആവശ്യപ്പെട്ടതു്. ഇവിടെ എതാനും നിമിഷം നടന്നിട്ടുള്ള ചർച്ചയിൽനിന്നു ഇതിൽ രണ്ടുവശമുണ്ടെന്നു വ്യക്തമായിട്ടുണ്ടു്. ആ സ്ഥിതിക്കു് ഈ രണ്ടുവശത്തെ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനുള്ള ഒരവസരം കൊടുക്കണമെന്നു ഞാൻ അങ്ങയോടു് അപേക്ഷിക്കുകയാണു്. ഞാൻ ബഹു: സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല.

**Mr. Speaker:** I regret my inability to allow any discussion on the matter as the discussion will not serve any useful purpose. I do not wish to say anything more in view of the fact that the matter is *sub judice* and might be highly prejudicial to the aggrieved party, if discussed. Statements have been made and counter-statements have also been made. The statement made by the Home Minister has been contradicted by the other side. Anyhow I do not allow any further discussion in the matter.

**Shri. E. M. Sankaran Namboodiripad:** In view of the decision we withdraw.

(The Communist Party Members then walked out)

ശ്രീ. പി. ടി. ചാക്കോ: ബഹു: പ്രതിപക്ഷ നേതാവു് പറഞ്ഞതു 'In view of the decision we withdraw, എന്നാണു്. അതു് വളരെ ഗൌരവമുള്ള ഒരു കാര്യമാണു്. ഗവമ്മെൻറ ഭാഗത്തുനിന്നു ആ പ്രസ്താവനയെ പ്രതിഷേധിക്കുകയാണു്. എനിക്കു് അദ്ദേഹം പറഞ്ഞതിനെപ്പററി ഒരക്ഷരവും പറയാനില്ല, കാരണം, രണ്ടുവശം ഇതിലുണ്ടെന്നാണു് അദ്ദേഹം പറഞ്ഞതു്. രണ്ടുവശമുണ്ടെന്നു പറഞ്ഞതു് ശരിയാണു്, എല്ലാ സംഗതികൾക്കും രണ്ടുവശമുണ്ടു്. 'അമ്മയെ തല്ലിയാൽ അതിനും രണ്ടുവശമുണ്ടു്' ഇവിടെ അക്കാര്യത്തിലല്ല ഞങ്ങൾക്കു പ്രതിഷേധമുള്ളതു് 'In view of the decision we withdraw" എന്നാണു് പ്രതിപക്ഷനേതാവു പറഞ്ഞതു്. സർ, ഏതൊരു നിയമസഭയിലും ഏതൊരു പാർലിമെണ്ടിലും സ്പീക്കറുടെ തീരുമാനത്തിനെതിരായി ഒരു നടപടിയും എടുക്കുവാൻ സാദ്ധ്യമല്ല. സ്പീക്കറുടെ തീരുമാനത്തിനെതിരായുള്ള പ്രവൃത്തികൾക്കു് നടപടിയെടുക്കേണ്ടതു് അങ്ങാണു്. അങ്ങാണു് ഇതിനെപ്പററി തീരുമാനിക്കേണ്ടതു്. ഇതു് നിർഭാ

LIBRARY ARCHIVES Kerala Legislative Assembly